2025-26

## വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ

# തർജ്ജനി

## ജി.യു.പി.എസ് ചീക്കോട്

കിഴിശ്ശേരി ഉപജില്ല, മലപ്പുറം

GUP SCHOOL CHEEKODE

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സർക്കാർ



# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

ചീക്കോട് ഗവൺമെന്റ് യു.പി. സ്കൂൾ 2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെ ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരവും ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ മാർഗരേഖ.

കോവിഡാനന്തരം കുട്ടികളിലുണ്ടായ പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉണ്ടാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

# ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ മുഴുവൻ പഠനപ്രവർത്തനങ്ങളും വിദ്യാലയാന്തരീക്ഷവും ഓരോ വിദ്യാർത്ഥിക്കും ആസ്വാദ്യകരമാം വിധം മെച്ചപ്പെടുത്തുക.
- പഠനപ്രവർത്തനങ്ങളിൽ എല്ലാ വിദ്യാർത്ഥികളുടെയും പൂർണ പങ്കാളിത്തം ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വിദ്യാലയത്തിലെ പഠനപിന്തുണ സംവിധാനങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക.
- ആധുനികസാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക.
- ഓരോ വിദ്യാർത്ഥിയുടെയും സമഗ്രവികസനം സാധ്യമാക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേകപരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- വിദ്യാലയത്തിലെത്തുന്ന അതിഥിത്തൊഴിലാളികളുടെ മക്കൾക്ക് വേണ്ട പഠനപിന്തുണ നൽകുക.

# ജി.യു.പി.എസ് ചീക്കോട്
## കിഴിശ്ശേരി ഉപജില്ല ,മലപ്പുറം

| | | | | |
|---|---|---|---|---|
| വിലാസം | : | ചീക്കോട്, പി.ഒ. ചെറുവായൂർ വഴി, മലപ്പുറം, പിൻ 673645 | | |
| സ്ഥാപിതം | : | ജൂൺ 1925 | | |
| ഫോൺ നമ്പർ | : | 9747 413 833 | | |
| ഇ.മെയിൽ | : | gupscheekode@gmail.com | | |
| സ്കൂൾ കോഡ് | : | 18232 | | |
| വിദ്യാഭ്യാസ ഭരണസംവിധാനം | : | റവന്യൂജില്ല | : | മലപ്പുറം |
| | | വിദ്യാഭ്യാസജില്ല | : | മലപ്പുറം |

### സ്കൂൾ ഭരണവിഭാഗം

| | | |
|---|---|---|
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠനവിഭാഗങ്ങൾ | : | എൽ.പി, യു.പി |
| മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |
| സ്കൂൾ നേതൃത്വം | : | പ്രധാനാധ്യാപകൻ |

### പ്രോജക്ടുകൾ:

ഫീനിക്സ് (വിജയപർശം)

സൂപ്പർ 50

ELEP

ഹൈടെക് വിദ്യാലയം

# ചരിത്രം

കിഴിശ്ശേരി ഉപജില്ലയിൽ ചീക്കോട് പഞ്ചായത്തിൽ നിരവധി പേർക്ക് അക്ഷര വെളിച്ചം പകർന്ന് വിജ്ഞാനത്തിന്റെ ഒരു നൂറ്റാണ്ടിലേക്ക് കാലെടുത്തുവയ്ക്കുന്ന ഏക സർക്കാർ വിദ്യാലയമാണ് ഗവ. യു.പി.സ്കൂൾ ചീക്കോട് ഒരു ദേശത്തിന്റെ അകക്കണ്ണ് തുറപ്പിക്കാൻ ഒരു ഗ്രാമത്തിനാകെ വെളിച്ചം വിതറാൻ സൂര്യതേജസ്സായ് ജ്വലിച്ച വിജ്ഞാനത്തിന്റെ സിരാകേന്ദ്രമായ ഈ വിദ്യാലയം ചീക്കോട് ഗ്രാമപഞ്ചായ ത്തിലെ ചീക്കോട് ഗ്രാമത്തിൽ 1925ൽ ജൂൺ 5ന് ജനിച്ചു. ആദ്യകാലത്ത് 1 മുതൽ 5 വരെ ക്ലാസുകളിൽ പ്രവർത്തനം നടത്തുകയും 1957ൽ ജൂൺ 4ന് മദ്രാസ് സംസ്ഥാ നത്തിന്റെ ഭാഗമായിരുന്ന ഡിസ്ട്രിക്റ്റ് ബോർഡ് സ്കൂളിനെ ഒരു യു.പി.സ്കൂളാക്കി ഉയർത്തിയതായി രേഖകൾ പറയുന്നു. ആദ്യകാലത്ത് തികച്ചും വാടകക്കെട്ടിടത്തി ലാണ് പ്രവർത്തിച്ചതെങ്കിലും നാട്ടുകാരുടെയും അധ്യാപകരുടെയും നിസ്വാർത്ഥപ രിശ്രമത്തിൻരെ ഫലമായി അന്ന് 34സെന്റ് സ്ഥലവും ഡി.പി.ഇ.പി സഹായത്തോടെ 5 ക്ലാസ്മുറികളുള്ള ഒരു ഇരുനിലകെട്ടിടമടക്കം 14 ക്ലാസ് മുറികളാണ് ആകെ ഈ വിദ്യാലയത്തിനുള്ളത്. ഗതകാല ചരിത്രം തിരയുമ്പോൾ സാമൂഹികപശ്ചാത്തലം എങ്ങനെ അവഗണിക്കും? പൂർവികരുടെ പാത പൂവിരിച്ചതായിരുന്നില്ല. ദാരിദ്ര്യ ത്തിന്റെ നെല്ലിപ്പലകകണ്ട സമൂഹം. കാർഷികവൃത്തിയിൽ കവിഞ്ഞ ജീവനോപാ യങ്ങൾ അവർക്ക് അന്യമായിരുന്നു. പ്രായമായ ആളുകൾ പലരും സ്കൂൾപടി കടന്നവല്ല. വന്നവർതന്നെ അധികവും പഠനം തുടരാതെ പാതിവഴിപഠനം ഉപേ ക്ഷിച്ച് പോയി. ലഭ്യമായ രേഖകളനുസരിച്ച് സ്കൂളിൽ ആദ്യാക്ഷരം കുറിച്ചവരിൽ ഒന്നാമൻ മുഹമ്മദ് കൊലത്തിക്കലും സഹോദരി ആയിശ കൊലത്തിക്കലുമാണ് ഇല്ലായ്മകൾ ഒട്ടേറെ ഉണ്ടെങ്കിലും സമൂഹം എന്നും ഈ സ്ഥാപനത്തെ നെഞ്ചിലേറ്റി കുട്ടികളുടെ വിജ്ഞാനദാഹം മാറ്റാൻ ജാതിമതഭേദമന്യേ അവരൊന്നിച്ച് വിഭവസ മാഹരണം നടത്തി ഒരേ പാത്രത്തിൽ എല്ലാം മതസ്ഥർക്കും ഭക്ഷണം വിളമ്പി.

ഇന്ന് 20 ഡിവിഷനുകളിലായി 700ഓളം വിദ്യാർത്ഥികളും നോൺ ടീച്ചിങ് സ്റ്റാഫ് ഉൾപ്പെടെ 32 ജീവനക്കാരും ഇവിടെയുണ്ട്. ഒന്നുമില്ലായ്മയിൽ നിന്നും തുടങ്ങി ഇന്ന് പഞ്ചായത്തിലെ മികച്ച വിദ്യാലയങ്ങളിലൊന്നാണ് ഈ വിദ്യാലയം. സർവം മറന്നുള്ള ജനങ്ങളുടെ കൂട്ടായ്മയാണ് വളർച്ചയുടെ പിന്നിൽ. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ആയിരങ്ങളുടെ കർമഫലവും ദിശാബോധമുള്ള അധ്യാ പകരുടെ മേൽനോട്ടവും സമൃദ്ധമായ പാരമ്പര്യവുമുള്ള ഈ വിദ്യാലയം ഇനിയും ഒരുപാട് വികസനങ്ങൾ സ്വപ്നം കാണുന്നു.

ഗ്രാമവാസികളുടെ കഠിനപരിശ്രമത്തിന്റെ ഫലമായി വാങ്ങിയ 70 സെന്റ് സ്ഥലത്ത് 2 കെട്ടിടങ്ങളിലായി ഈ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്കുയ രുകയാണ്. നാളെയുടെ തലമുറക്കായി നമുക്ക് നീക്കിവെയ്ക്കാൻ ഇനിയും ഒരു പാടുണ്ട്. എല്ലാം പൂവണിയുമെന്ന പ്രതീക്ഷയോടെ പ്രാർത്ഥനയോടെ നമുക്ക് കാ ത്തിരിക്കാം.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികനേട്ടങ്ങൾ

നാട്ടുകാരുടെ സഹായസഹകരണത്തോടെ വാങ്ങിയ 70 സെന്റിൽ കേരളസർക്കാരിന്റെ കിഫ്ബി ഫണ്ട് 1 കോടി ചെലവഴിച്ച് നിർമിച്ച കെട്ടിടവും പ്ലാൻഫണ്ട് ഉപയോഗപ്പെടുത്തി പണികഴിപ്പിച്ച മൂന്നുനിലകെട്ടിടവും പ്രവർത്തിച്ചുകൊമ്ടിരിക്കുന്നു. ആധുനികരീതിയിലുള്ള ശൗചാലയങ്ങൾ ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്.

പ്ലാൻഫണ്ട് കെട്ടിടത്തിന്റെ മുകളിലായി ഗേൾസ് റസ്റ്റ് റൂമും ഈ കെട്ടിടത്തിന്റെ തന്നെ മുൻവശത്ത് ഗ്രൗണ്ടിൽ വിശാലമായ ഓപ്പൺ ഓഡിറ്റോറിയവും പഞ്ചായത്തിൽ നിന്നും നിർമിച്ചുതന്നിട്ടുണ്ട്. കിഫ്ബി കെട്ടിടത്തിന്റെ മുൻവശത്ത് ഗ്രൗണ്ടിൽ സ്റ്റേജ്, പ്രീ-പ്രൈമറി കെട്ടിടവും സ്കൂൾ കെട്ടിടവും ബന്ധിപ്പിക്കുന്ന റോഡ് തുടങ്ങിയവ ഞങ്ങളുടെ ഭൗതികനേട്ടങ്ങളിൽപെടുന്നു.

SSK വകയിരുത്തിയ 10 ലക്ഷം രൂപയുടെ വർണകൂടാരം പദ്ധതി പ്രീപ്രൈമറികെട്ടിടത്തിൽ പൂർത്തിായയിക്കൊണ്ടിരിക്കുന്നു. ഗ്രാമവാസികളുടെ പൂർണ സഹകരണത്തോടെ ചീക്കോട് റോഡിൽ നിന്നും മുകളിലൂടെ സ്കൂൾ കെട്ടിടത്തിലേക്കുള്ള റോഡ് ടാർ ചെയ്ത് കുട്ടികൾക്കും അധ്യാപകർക്കും മറ്റും യാത്രസുഗമമാക്കിയിട്ടുണ്ട്.

## ഭൗതികപരിമിതികൾ

22 ഓളം ക്ലാസ്മുറികളുള്ള മൂന്നുനിലകളുള്ള രണ്ട് കെട്ടിടങ്ങൾ ഉയർന്നു നിൽക്കുന്നുണ്ടെങ്കിലും ഏതാനും പരിമിതികളുമുണ്ട്. ചുറ്റുമതിൽ, കവാടം എന്നിവയില്ല. ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്.

## അക്കാദമിക് നേട്ടങ്ങൾ

ചിട്ടയായ പഠനാന്തരീക്ഷം കുട്ടികൾക്ക് ലഭിക്കാനുതകുമാറുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കിവരുന്നുണ്ട്. പാഠഭാഗങ്ങൾ തീരുന്നമുറയ്ക്കുള്ള യൂണിറ്റ് ടെസ്റ്റുകൾ പുസ്തകങ്ങളിലാണ് എഴുതുന്നത്. രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനനിലവാരം പെട്ടെന്ന് മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും സബ്ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ സ്വന്തമാക്കാൻ നമ്മുടെ കുട്ടികൾക്കായിട്ടുണ്ട്. 2024-25 അക്കാദമികവർഷം 13 LSSഉം 21 USSഉം നേടി സ്കൂൾ ചരിത്രവിജയം കരസ്ഥമാക്കി.

**ഫീനിക്സ് :** പലതരം കാരണങ്ങളാൽ അക്കാദമികമായി പിന്നോക്കം നിൽക്കുന്ന 3 മുതൽ 7 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് വൈകുന്നേരം നിശ്ചിത സമയമെടുത്ത് വിജയസ്പർശം (ഫീനിക്സ്) ക്ലാസുകൾ നൽകിവരുന്നു.

**ELEP:** Department of General Education ന്റെ നേതൃത്വത്തിൽ 5,6 ക്ലാസുകളിലെ കുട്ടികൾക്കായുള്ള ഒരു പദ്ധതി ELEP

# അധ്യാപക - അനധ്യാപക ജീവനക്കാർ

1. പ്രേമ. പി (പ്രധാനാധ്യാപിക)
2. നൗഷാദ്. സി.പി (സ്റ്റാഫ് സെക്രട്ടറി)
3. മുഹമ്മദ് അസ്‌ലം. കെ.എം
4. ഹസീന. വൈ.പി
5. റിജുല. വി
6. ജിജി. എ.പി
7. ലിൻസി. എം
8. റൈഹാനത്ത്. എം.കെ (HTV)
9. അജിത. പി.പി
10. സിസിനി. കെ.പി
11. മഞ്ജുഷ. കെ.പി
12. വിവേക്. പി.കെ
13. അശ്വതി. എം.എം
14. നീതു. കെ.എസ്
15. നവീന. ഇ.പി
16. സമീറ. പി.കെ
17. ദിവ്യ. കെ.പി
18. സാബിറ. കെ.പി
19. സുഹറാബി. കെ
20. ബാസിമ. പി.സി
21. ഫസീല. ടി.കെ
22. ഫാഹിദ. പി
23. പ്രസന്ന. ഒ
24. ജുബൈർ
25. ഖമറുന്നീസ. വി.പി
26. നജ്മുന്നീസ. കെ.പി
27. നികിത (ഓഫീസ് അസിസ്റ്റന്റ്)
28. ലൈലാബി (പ്രീ-പ്രൈമറി അധ്യാപിക)
29. മൊയ്തീൻ പി (PTCM)

### ഒന്നാം തരം

## മലയാളം

### വാർഷിക ലക്ഷ്യങ്ങൾ

- ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
- ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സർഗാത്മക രചനകൾ നടത്താനുള്ള കഴിവ് നേടുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
- ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ. നവ മാധ്യമങ്ങളിൽ പങ്കിടൽ.

### ജൂൺ

- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.
- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സന്നദ്ധതാ പ്രവർത്തനങ്ങൾ
- ചിത്ര വായന
- വായനോത്സവം, കഥാവേള

**ജൂലായ്**

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥപറയാൻ അവസരം ഒരുക്കൽ.
- വായന മൂലം, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

**ആഗസ്റ്റ്**

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികാസത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ബാവാത്മകമായി അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

**സെപ്റ്റംബർ**

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

**ഒക്ടോബർ**

- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

**നവംബർ**

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

- വായനോത്സവം തുടരുന്നു.
- രചനോത്സവം തുടരുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- ചിത്രവായന നടത്തുന്നു.
- ചറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് വായന നടത്തുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു.

## ഡിസംബർ

- രചന ശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സുയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

### മാർച്ച്

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- ഓരോകുട്ടിക്കും ഓരോ പതിപ്പുകൾ.
- വീട്ടുവായന, കൂട്ടുവായന, അമ്മ വായന, ചങ്ങല വായന, ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വാതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**STD 1**

## English

The goal for the first grader is to handle english fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single chiled goes illiterate.

### Objectives and learning outcomes

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Femiliarise with simple words.
- Enjoy song and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

### June

- Introduce symbol words.
- provides picture cards.

### July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words

**August**

- Enjoy songs and sings them with Rhythm and action.
- Describe orally about pictures and objects using adjectives.

**September**

- Read and write simple words and simple sentences.
- Provides picture cards and reading cards.

**October**

- Introduce symbol picture descriptions.
- Maked word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

**November**

- Prepare reading cards.
- Provide more opportunities to read, write and speak English
- Writes five English words daily.

**December**

- Read and understand simple instructions in the classroom.
- Encourage digital reading.

**January**

- Enjoy songs and sings them wit phythm and action.
- Make pictures albums.
- Collect pictures of animals and its young ones.

**February.**

- Provide the opportunity to express my self in the classroom.
- English assembly once in a week.
- March
- Speaks English fluently
- Read and write simple sentences.
- Picture reading and picture description.

## ക്ലാസ് 1
# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതരപ്രവർത്തനങ്ങളിലും അവഭോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ അഞ്ചുരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്രകൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി എഴുതുന്നു പറയുന്നു.
- സംഖ്യകളെ ആരോഹണം അവരോഹണം ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു. ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കൽ.

## ജൂലായ്

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്തംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കുന്നു.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

- ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- സംഖ്യാഗാനങ്ങൽ ആലപിക്കൽ.
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണക്രമം / അവരോഹണക്രമത്തിൽ എഴുതാൻ പഠിക്കുന്നു.
- ഗണിതം ആൽബം തയ്യാറാക്കൽ.

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം, ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം തയ്യാറാക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# രണ്ടാംതരം

## ക്ലാസിലെ പ്രതീക്ഷിത മാറ്റം

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാല സാഹിത്യകൃതികൾ വായിക്കുക.
- അനുഭവങ്ങളും ആശയങ്ങളും ഉപയോഗിച്ച് സ്വന്തം ഭാഷയിൽ തെറ്റില്ലാതെ എഴുതുന്നതിനുള്ള കഴിവ് നേടുക.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം കുട്ടികൾക്ക് നൽകുക.
- ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുക.
- ഇംഗ്ലീഷ് വായിക്കാനും സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാനുമുള്ള കഴിവ് നേടുക.

രണ്ടാംക്ലാസ്

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| **<u>മഴയോ മഴ</u>**<br>● ഭാഷയുടെ ഉപയോഗം വിവിധതരത്തിൽ ഉണ്ടെന്ന് ബോധ്യപ്പെടുത്തുന്നു.<br>● ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, പ്രത്യേകതകൾ, ചർച്ച ചെയ്യപ്പെടുന്നു.<br>● ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. | ● ശേഖരണം<br>മഴപ്പാട്ടുകൾ, ചിത്രങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ<br>● കടങ്കഥാകേളി<br>● ജലപരീക്ഷണങ്ങൾ, പരീക്ഷണ കുറിപ്പ്<br>● മഴക്കാല പതിപ്പ്<br>മഴ അനുഭവങ്ങൾ, ചിത്രങ്ങൾ<br>● ജലസ്രോതസ്സുകൾ - പോസ്റ്റർ നിർമ്മാണം<br>● പേപ്പർ കുട നിർമ്മാണം | ടീച്ചർ, CPTA | ജൂൺ | |
| **<u>നന്നായ് ഉണ്ണാൻ</u>**<br>● ഭാഷയെ ഉച്ചാരണശുദ്ധിയോടെ, ശബ്ദ വ്യതിയാനം, മുഖഭാവം എന്നിവയോടെ അവതരിപ്പിക്കൽ<br>● ആഹാരശീലങ്ങൾ മനസ്സിലാക്കി അവയുടെ ഉത്പാദന ഘട്ടങ്ങൾ അറിയുന്നു.<br>● ഈ ചുറ്റുപാട് നിരീക്ഷിച്ചും അന്വേഷിച്ചും ആഹാരമായ വിളകളെ പരിചയപ്പെടുന്നു. | ● സംഭാഷണം<br>● കടങ്കഥാ നിർമ്മാണം<br>● കൃഷിയുടെ ഘട്ടങ്ങൾ<br>● വിവിധതരം തൊഴിലുകൾ<br>● ആരോഗ്യം സമ്പത്ത്<br>● കൃഷി ഉപകരണങ്ങൾ<br>● വരികൾ കൂട്ടിചേർക്കാം<br>● കളിമണ്ണ് അല്ലെങ്കിൽ മൈദ ഉപയോഗിച്ച് പഴങ്ങൾ, പച്ചക്കറികൾ രൂപങ്ങൾ നിർമ്മാണം. | ടീച്ചർ | ജൂലായ് | |

| | | | | |
|---|---|---|---|---|
| **എന്താണമ്മേ സ്വാതന്ത്ര്യം**<br>● സ്വന്തം അനുഭവങ്ങളെ ഡയറിക്കുറിപ്പായി എഴുതി അവതരിപ്പിക്കുന്നു.<br>● കവിത ഈണം, താളം എന്നിവ പാലിച്ച് ചൊല്ലി അവതരിപ്പിക്കുന്നു.<br>● കഥ വായിച്ച് ആശയം ഉൾക്കൊണ്ട് ബാക്കി ഭാഗം  പൂർത്തിയാക്കുന്നു.<br>● ദേശീയനേതാക്കളുടെ ചിത്രം ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | ● അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>● കവിതവായിച്ച് ഈണം കണ്ടെത്തൽ<br>● ദേശീയ പതാകക്ക് നിറം നൽകൽ<br>● ഗാന്ധിയും നെഹ്റുവുമായി ബന്ധപ്പെട്ട ദേശീയ ദിനങ്ങൾ<br>● കലണ്ടർ നോക്കി പട്ടികപ്പെടുത്തുന്നു.<br>● ചാച്ചാജി തൊപ്പി നിർമ്മാണം<br>● ഗാന്ധിജി, ചാച്ചാജി പ്രച്ഛന്ന വേഷം | ടീച്ചർ<br>വിദ്യാർത്ഥികൾ | ആഗസ്റ്റ് | |
| **പൂരം പൊടിപൂരം**<br>● കഥ കവിത സ്വന്തമായി വായിച്ച് ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.<br>● തുള്ളൽ പാട്ടുകൾ കേട്ടും, പാടിയും ആസ്വദിക്കുന്നു.<br>● ഭാഷാപ്രയോഗഹ്ങൾ തിരിച്ചറിയുന്നു.<br>● മാലിന്യ സംസ്കരണം, മാലിന്യങ്ങളെ തരംതിരിക്കൽ അവയുടെ നിർമ്മാർജനം, പുനരുപയോഗം എന്നിവയെക്കുറിച്ച് അവബോധം | ● ചിത്രരചന - ഉത്സവക്കാഴ്ച<br>● ആനക്കൊമ്പൻ - കവിത സ്വന്തമായി ചൊല്ലി ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.<br>● സംഘമായും വ്യക്തിഗതമായും പാഠഭാഗം വായിച്ച് ചോദ്യ-ഉത്തരപയറ്റ് നടത്തുന്നു.<br>● ഉത്സവപറമ്പിലെ കാഴ്ചകൾ - അഭിനയം<br>● ICT തുള്ളൽപാട്ട് കേട്ടും പാടിയും ആസ്വദിക്കുന്നു.<br>● ഉത്സവപിറ്റേന്ന് - ICT<br>● മാലിന്യനിർമ്മാർജ്ജനം, ഹരിതകർമ്മസേന - ചർച്ച മാലിന്യങ്ങളെ തരംതിരിക്കുന്നു.  പാഴ് വസ്തുക്കളിൽ നിന്നും ശുചീകരണ ഉപകരണങ്ങൾ നിർമ്മിക്കുന്നു. | അധ്യാപിക<br>വിദ്യാർത്ഥികൾ | ആഗസ്റ്റ് | |
| | | | | |

| | | | | |
|---|---|---|---|---|
| **<u>രുചിമേളം</u>**<br>• പാഠഭാഗം സ്വതന്ത്രമായി വായിച്ച് ആശയഗ്രഹണം നടത്തുന്നു.<br>• വാക്യഘടന, ക്രമം എന്നിവ പാലിച്ച് പാചകുറിപ്പ് തയ്യാറാക്കുന്നു.<br>• കടങ്കഥ പറഞ്ഞും കേട്ടും ശേഖരിച്ചും കടങ്കഥ മേളയിൽ ഏർപ്പെടുന്നു.<br>• ആശയം ഉൾക്കൊണ്ട് തുടർവരികൾ എഴുതി അവതരിപ്പിക്കുന്നു. | • ചോദ്യോത്തരങ്ങൾ കണ്ടെത്തുന്നു.<br>• പാഠഭാഗത്തെ രംഗങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഭിനയിച്ച് കാണിക്കുന്നു.<br>• ആഹാരത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ അനുസരിച്ച് ആഹാരസാധനങ്ങളെ പട്ടികപ്പെടുത്തുന്നു.<br>• പാചകക്കുറഇപ്പ് തയ്യാറാക്കുന്നു.<br>• വാക്കുകളെ ക്രമീകരിച്ച് വാക്യങ്ങൾ രൂപപ്പെടുത്തുന്നു.<br>• ഫ്രൂട്ട് സാലഡ് തയ്യാറാക്കുന്നു.<br>• കടങ്കഥാ കേളി<br>• ചിത്രം നോക്കി കഥപറയുന്നു | അധ്യാപിക<br>വിദ്യാർത്ഥികൾ | സെപ്തംബർ | |

**രണ്ടാംക്ലാസ്**

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| **<u>Unit -1 അടുക്കളയിലെ രൂപങ്ങൾ</u>**<br>• ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുക.<br>• വ്യത്യസ്ത വരകൾ തിരിച്ചറിയുക. | • രൂപങ്ങൾ തിരിച്ചറിയാം<br>• സവിശേഷതകൾ പറയാം<br>• ചിത്രങ്ങൾ തരം തിരിക്കാം<br>• രൂപങ്ങൾ വരയ്ക്കാം<br>• ജിയോബോർഡ് | ടീച്ചർ<br>SRG | ജൂൺ | |
| | | | | |

| | | | | |
|---|---|---|---|---|
| • രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക<br>• വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.<br>• രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക | • കടലാസ് റിബ്ബൺ കൊണ്ട് നിർമ്മാണം<br>• പാറ്റേൺ വരയ്ക്കാം<br>• പാടി രസിക്കാം | | | |
| **Unit - 2 ഒളിച്ചേ കണ്ടേ**<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>• 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | • എണ്ണിക്കളിക്കാം<br>• ഓരോന്നും എത്രയുണ്ട്?<br>• സംഖ്യാകളി<br>• ക്ലാസ് അലങ്കരിക്കാം<br>• വയസ്സ് എത്ര?<br>• കമ്പ്യൂട്ടർ ഗയിം<br>• ജോഡിയാക്കൂ<br>• ചക്രം കറക്കാം<br>• കൂട്ടങ്ങളാക്കാം | ടീച്ചർ | | |
| **Unit - 3 നല്ല നാടിനായ്...<br>നല്ല നാളേക്കായ്....**<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>• 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | • ചിത്രവായന<br>• സാധനങ്ങൾ വാങ്ങാം<br>• ഗൃഹസന്ദർശനം<br>• സംഖ്യാകാർഡുകൾ<br>• ഒന്നുകളും പത്തുകളും<br>• 10 നില കെട്ടിടം<br>• ബാഡ്ജ് ഉണ്ടാക്കാം<br>• ശുചിത്വ വീട്<br>• നൂറിനപ്പുറത്തേക്ക്<br>• സംഖ്യകൾ എഴുതാം | ടീച്ചർ | | |

| | | | | |
|---|---|---|---|---|
| **Unit - 4 സമ്മാനപ്പൊതി**<br>• നോട്ടുകളും നാണയങ്ങളും പരിച യപ്പെടുന്നു.<br>• 100 രൂപയെ വ്യത്യസ്ത നോട്ടുകളു ടെ തുകയായി വ്യാഖ്യാനിക്കുന്നു.<br>• രൂപയുമായി ബന്ധപ്പെട്ട പ്രായോ ഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>• രൂപയുടെ ചിഹ്നം പരിചയപ്പെടുന്നു | • പണമെടുക്കാം<br>• ചില്ലറയാക്കാം<br>• നോട്ടുകളെത്ര?<br>• വമ്പിച്ച വിലക്കുറവ്<br>• കളിപ്പാട്ടങ്ങളുടെ വില<br>• പണക്കണക്ക്<br>• സമ്പാദ്യം<br>• പത്രവാർത്ത | ടീച്ചർ | | |
| **Unit - 5 ഒന്നായ് ചേരാം നന്നായ് വളരാം**<br>• 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണ ക്കായി ചെയ്യുക<br>• തുക 200 താഴെ വരുന്നതും രണ്ട ക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്ന തുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.<br>• രണ്ടക്ക സംഖ്യകളുടെ സങ്കലനം | • ചിത്രവായന<br>• സംഖ്യാമാല<br>• കൂടിയും കുറഞ്ഞും<br>• കട്ടകൾ കൊണ്ട് കളിക്കാം<br>• സംഖ്യാ ജോടികൾ<br>• സോപ്പ് വാങ്ങാം<br>• ശരിയേത്? തെറ്റേത് ?<br>• മനസ്സിൽ കണക്കാക്കാം പറയാം | ടീച്ചർ | | |
| | | | | |

| STD II<br>**ENGLISH** | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **DUTY** | **TIME** | **FINANCE** |
| • To speak, read and write English without any mistakes<br>• To listen and understand teacher talks and to respond in English<br>• To get femiliarised with words denoting animals, birds and house hold things.<br>• To describe past events in progression<br>• To describe femiliar objects animals, birds house hold things etc.<br>• Read and comprehend simple stories<br>• To write description<br>• Add their own lines to the given song<br>• To develope listening skills, reading skills and writing skills | **Listening skills:**<br>• Games, Action songs, Hello English activities, conversations, skit, stories<br>**Speaking skills**<br>• Discription, growing sentences, picture reading self introduction, Assembly activities- speech, book review, quiz, riddles, etc.<br>**Reading Skills**<br>• Newspaper reading, Library books reading, book review, find words collect and read past tense, rhyming words describing words etc and text book activities.<br>**Writing skills:**<br>• Make word web, Picture description, word chain, sentence chain, make riddles, conversations, add more lines, devolop story, description, notice, dairy, letter, announcement etc. | Teacher<br>SRG | June | PTA |

## മൂന്നാം ക്ലാസ്
# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| **വായന**<br>• മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുക | • പ്രീ ടെസ്റ്റ് | അധ്യാപകൻ | ജൂൺ | പി.ടി.എ |
| | • ക്ലാസ് ലൈബ്രറി വികസനം | സി.പി.ടി.എ | അധ്യയന വർഷംമുഴുവൻ | സി.പി.ടി.എ |
| | • ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | അധ്യാപകൻ | ജൂൺ | അധ്യാപകൻ |
| | • വായനാകാർഡുകൾ തയ്യാറാക്കൽ | അധ്യാപകൻ | ജൂൺ - ജൂലൈ | സി.പി.ടി.എ |
| **ലേഖനം**<br>• വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>• അക്ഷരത്തെറ്റുകൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ, വിവിധ വ്യവഹാര രൂപങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക | ജൂൺ | അധ്യാപകൻ | സി.പി.ടി.എ |
| | • ജൂൺ 5 പരിസ്ഥിതി ദിനം - പോസ്റ്റർ | ജൂൺ | | |
| | • ജൂൺ 19 - വായനദിനം വായനവാരം | | | |
| | • ആഗസ്റ്റ് 6 - ഹിരോഷിമ ദിനം - പോസ്റ്റർ | ആഗസ്റ്റ് | | |
| | • ആഗസ്റ്റ് 9 - നാഗസാക്കി ദിനം പോസ്റ്റർ | | | |
| | • ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം - കുറിപ്പുകൾ തയ്യാറാക്കൽ | | | |
| | • സെപ്റ്റംബർ 5 - അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ | | |
| | • ഒക്ടോബർ 2 - ഗാന്ധിജയന്തി - കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | • ഒക്ടോബർ 10 - ദേശീയ തപാൽദിനം - കൂട്ടുകാരനൊരുകത്ത് | | | |
| | • നവംബർ 1- കേരളപ്പിറവി ദിനം -കവിതാരചന | നവംബർ | | |
| | • നവംബർ 14 ശിശുദിനം | | | |

| | | | | |
|---|---|---|---|---|
| • സർഗ്ഗാത്മക പ്രകടനം | • കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - സി.പി.ടി.എ | സി.പി.ടി.എ | അധ്യയനവർഷം മുഴുവൻ | ഇല്ല |

**STD III**

## ENGLISH

| OBJECTIVES | ACTIVITIES | DUTY | TIME | FINANCE |
|---|---|---|---|---|
| **AIM:-** To speak, Read and write English without any mistakes.<br>• To check the vocabulary and writing skills of pupils. | • To develop listning skills and reading skills | | June - July | PTA |
| **LISTENING SKILLS:**- Games, Action songs, Hello- Conversations.<br>• Speaking skills:- Identify the nameing words from the picture. | • Sit Stories<br>• Use ICT | | June-March | PTA |
| **SPEAKING SKILLS :**- Identify the action words from the picture.<br>• Make the simple sentences using the word about picture<br>• Make simple description about the picture.<br>• Growing sentences; picture reading, self introduction | • Develop the creative speaking and writing | | August - September | PTA |
| | | | | |

| | | | | |
|---|---|---|---|---|
| **READING SKILLS :-** Books reading, Find words, Collect and read past tense, Rhyming words, TB Activities | • Library book reading<br>• Conversations, skit stories, use ICT<br>• Read notice, develop story, reads diary | | December-January | PTA |
| **WRITING SKILLS:-** Make word web, Picture description, word chain, Make words and sentences, make riddles, conversations, Add more lines<br>• To express thoughts, feelings etc<br>• To improve the prsentation powr | • Description<br>• Thoughts<br>• Diary<br>• Announcement<br>• Exhibition | | February - march | PTA |

## മൂന്നാം ക്ലാസ്

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | • പ്രീ ടെസ്റ്റ്<br>• ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവയുപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | അധ്യാപകൻ<br>അധ്യാപകൻ, സി.പി.ടി.എ | ജൂൺ<br>ജൂൺ - ജൂലൈ | പി.ടി.എ<br>ഇല്ല |
| • 999 വരെയുള്ള സംഖ്യകളെ വ്യത്യ സ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | • സംഖ്യാപാറ്റേണുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ | അധ്യാപകൻ | ആഗസ്റ്റ് | ഇല്ല |
| • എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | • വസ്തുക്കളുപയോഗിച്ച് സംഖ്യ കൾ ഉറപ്പിക്കൽ | അധ്യാപകർ, കുട്ടികൾ | സെപ്തം ബർ | ഇല്ല |
| • സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനഃകണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | അധ്യാപകൻ, കുട്ടികൾ | ഒക്ടോബർ, നവംബർ | ഇല്ല |

| | | | | |
|---|---|---|---|---|
| • ഗുണനവസ്തുതകൾ നേടൽ | • മനഃകണക്കുകൾ<br>• മഞ്ചാടിക്കളി | അധ്യാപകൻ, കുട്ടികൾ, സി.പി.ടി.എ | ഡിസം ബർ-ജനു വരി | ഇല്ല |
| • ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ.സി.ടി വിഭവങ്ങൾ ഉപയോ ഗിച്ചുള്ള പ്രവർത്തനങ്ങൾ | അധ്യാപകൻ | ഫെബ്രു വരി-മാർച്ച് | ഇല്ല |

**മൂന്നാം ക്ലാസ്**

## പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| • നമ്മുടെ ചുറ്റുപാടിനെകുറിച്ച് കുട്ടി കളിൽ അവബോധം വളർത്തുക. | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറി യുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിതകാർഡ് നിർമ്മാണം | SRG | ജൂൺ | CPTA |
